/74590/2023

"ഭരണഭാഷ-മാതൃഭാഷ"

No.ICDS/A5/20389/2021

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 05-01-2023

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ് –സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി- 2022-23 - പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുന്നത്- സംബന്ധിച്ച് :-

സൂചന:-

1. കേന്ദ്ര സർക്കാരിന്റെ 1/8/22 ലെ സക്ഷം അങ്കണവാടി &പോഷൻ 2.0 - സ്കീം ഫോർ അഡോളസെന്റ് ഗേൾസ് –മാർഗ്ഗനിർദ്ദേശങ്ങൾ
2. കേന്ദ്ര സർക്കാരിന്റെ 12/12/22 ലെ SAG/10/2022/SAG(E-101288) നമ്പർ കത്ത്.
3. 06 08 2019 ലെ സ നി വാ -ബി /493 /2019 /സ നി വാ നമ്പർ സർക്കുലർ

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി (SAG) 2022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ കേന്ദ്രസർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ-പോഷണനിലവാരം ഉയർത്തുന്നതിനായി 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും വർഷത്തിൽ 300 ദിവസം Take Home Ration ആയി ഒരു ദിവസം Rs.9.50 നിരക്കിൽ Nutrition component ഇനത്തിൽ നൽകേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്. Nutrition component ലേയ്ക്കായി 50: 50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

Non nutrition Component ൽ IFA supplementation,ആരോഗ്യ പരിശോധന, referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം , നൈപുണ്യവികസനം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന (1) Guidelines പ്രകാരം സേവനം ആവശ്യപ്പെടുന്ന അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ഈ സർവീസ് നൽകേണ്ടതാണ്. ഇവരെ Poshan Tracker ൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി എടുക്കേണ്ടതാണ്. (As per the guidelines, " The scheme is open to all beneficieries on demand ,irrespective of caste, religion and income criteria. The only precondition is that the beneficiary has to be registered at the nearest Anganawadi centre with Aadhar identification.)

മേൽ സൂചന (2) പ്രകാരം വയനാട്ടിലെ പദ്ധതിയിൽ ഉൾപെട്ട ഗുണഭോക്താക്കൾക്കായി 133.35 metric ton (1,33,350 kg) ഗോതമ്പ് 2022-23 സാമ്പത്തിക വർഷത്തിൽ 3,4 quarter

ലേക്കായി FCI യിൽ ലഭ്യമായിട്ടുണ്ട്. SupplyCo മായി ബന്ധപെട്ട് FCI യിൽ നിന്നും ഗോതമ്പ് ഏറ്റെടുത്ത് ആട്ടയാക്കി മാവേലി സ്റ്റോറുകൾ വഴി അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതുണ്ട്. ഇതിനായി ഓരോ ICDS പ്രൊജക്റ്റ് ലെയും ഗുണഭോക്താക്കളുടെ എണ്ണം സെക്ടർ തലത്തിൽ collect ചെയ്ത് , ലഭ്യമായ ആട്ട ഒരു ഗുണഭോക്താവിന് ഒരു ദിവസം 120 gram എന്ന അളവിൽ 25 ദിവസത്തേക്ക് 3 kg വീതം നൽകേണ്ടതാണ് ഇതിലേക്കായി ബന്ധപ്പെട്ട മാവേലി സ്റ്റോർകളുടെ വിവരം, ആവശ്യമായ അട്ടയുടെ അളവ് ഉൾപ്പെടെ supplyco ക്ക് അറിയിപ്പ് നൽകുന്നതിനു ജില്ലാ പ്രോഗ്രാം ഓഫീസർ അടിയന്തിരമായി നടപടി എടുക്കേണ്ടതാണ്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം ഉയർ ത്തുന്നതിലേയ്ക്കായി 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും നൽകേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു ഗുണഭോക്താവിനു ലഭ്യമായ ഗോതമ്പിനു പുറമേ ഒരു ദിവസം 60 gm റാഗിയും,10 gm ശർക്കരയും ഒരു മാസം 25 ദിവസം എന്ന രീതിയിൽ ലഭ്യമാക്കണം. ഇതിനുള്ള മുന്നൊരുക്കങ്ങൾ Store Purchase Rules ഉം സൂചന 3 ലെ നിബന്ധനകൾ പാലിച്ചുകൊണ്ടും അടിയന്തിരമായി നടത്തേണ്ടതും ഇവിടെ നിന്നുള്ള ഉത്തരവ് ലഭ്യമായ ശേഷം നടപ്പിലാക്കേണ്ടതുമാണ്.

വനിതശിശുവികസന വകുപ്പിൻ കീഴിൽ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനായി ലക്ഷ്യമിട്ടന്ന ടി പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനത്തിനു ശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

1. പദ്ധതി പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഗുണഭോക്താവിന് ആവശ്യമായ പോഷകാഹാരം വിതരണം ചെയ്യേണ്ടത്.ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രോഗ്രാം ഓഫീസർ /CDPO/Supervisor എന്നിവർ അതാത് LSGD യുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.
2. മേൽ പരാമർശിച്ച ഭക്ഷ്യ ഇനങ്ങൾക്ക് പുറമെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റു ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടുത്താവുന്നതാണ് ഇതിലേക്കായുള്ള തുക അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനം കണ്ടെത്തേണ്ടതാണ്
3. ജില്ലാതലറിവ്യൂ മീറ്റിംഗിൽ പ്രോഗ്രാം ഓഫീസർ ഈ പദ്ധതി അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.
4. Supervisors മീറ്റിംഗ് ൽ CDPO മാർ പദ്ധതി ചർച്ച ചെയ്ത് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി എന്ന് ഉറപ്പാക്കേണ്ടതാണ് .
5. പ്രോജക്റ്റ്/ സെക്ടർ തല മീറ്റിംഗുകളിൽ പരിഷ്കരിച്ച സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയെകുറിച്ചും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ചും അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവബോധം ഉണ്ടാക്കേണ്ടതും ആയത് സിഡിപിഒ /സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.
6. ALMSC മീറ്റിംഗുകളിൽ പദ്ധതി പരിചയപ്പെടുത്തേണ്ടതും അർഹരായ പെൺകുട്ടികളെ പദ്ധതിയിലുൾപ്പെടുത്തേണ്ടതും ആയത് ALMSC മീറ്റിംഗുകളിൽ പരിശോധിച്ച്

സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ ഗുണഭോക്താക്കൾക്കും ആധാർ നമ്പർ ഉറപ്പാക്കേണ്ടതും പോഷൺട്രാക്കറിൽ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സിഡിപിഒ, സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.
8. അങ്കണവാടികളിൽ പ്രവർത്തിക്കുന്ന വർണ്ണക്കൂട്ടിലെ അംഗങ്ങളെ കൂടാതെ കൗമാരപ്രായക്കാരായ എല്ലാപെൺകുട്ടികളെയും ഉൾപ്പെടുത്തി Non nutrition നമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരോഗ്യം , വിദ്യാഭ്യാസം, യുവജനക്ഷേമം, കായികം, SC/ST, തുടങ്ങിയ വകുപ്പുകളുമായി സംയോജിച്ച് നടത്തേണ്ടതാണ്.

വനിതാശിശുവികസനഡയറക്ടർ

ജില്ലാവനിതാശിശുവികസനഓഫീസർ, വയനാട്
പ്രോഗ്രാം ഓഫീസർ , വയനാട്
CDPOs , വയനാട്

Signed by Priyanka G
Date: 05-01-2023 00:08:43